"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് - ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകാനുള്ള പ്രോജക്ട് - നേരിട്ട് സ്കൂട്ടർ വാങ്ങി പ്രോജക്ട് നടപ്പാക്കുന്നതിന് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.342/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. 08.11.2022ലെ ഡിഎ1/387/2022-തസ്വഭവ നമ്പർ സർക്കുലർ
3. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2024ലെ കത്ത്.

**ഉത്തരവ്**

സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകാൻ പരാമർശിത മാർഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് ഇതിനായി പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുള്ളത്. ഇത്തരം ചെലവേറിയ ഉപകരണങ്ങൾ ത്രിതല പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങണമെന്ന് പരാമർശിത സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ' നൽകുന്നതിനായി പ്രൊജക്ട് രൂപീകരിച്ചെങ്കിലും പരാമർശിത സർക്കുലർ വ്യവസ്ഥ കാരണത്താൽ ആ വർഷം നടപ്പാക്കാൻ സാധിച്ചില്ല. തുടർന്ന്, 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ' എന്ന പദ്ധതി (പ്രോ. നം.S0017/25), പത്തുലക്ഷം രൂപ വകയിരുത്തി ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി വീണ്ടും രൂപീകരിക്കുകയും, സർക്കുലർ പ്രകാരം വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ നടപ്പ് വർഷം ഇതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്നും ത്രിതല പഞ്ചായത്തുകൾക്കായി കേന്ദ്രീകൃതമായി ടെൻഡർ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് അവ്യക്തതയുണ്ടെന്നും അതിനാൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങലിനായി ആലപ്പുഴ ജിലാ പഞ്ചായത്തിൽ നിന്നും നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 'ഭിന്നശേഷിയുള്ളവർക്ക് സൈഡ് വിൽ സ്കൂട്ടറുകൾ' പ്രതിപാദ്യ സർക്കുലറിൽ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് മുഖേനയുള്ള വാങ്ങൽ നടപടികളിലൂടെ

ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകുകയോ; അല്ലാത്ത പക്ഷം ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് KELTRON പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടപടികൾ സാധ്യമാക്കുന്നതിന് അനുമതി ലഭ്യമാക്കുകയോ ചെയ്യണമെന്ന് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങലിനായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടില്ലാത്ത പ്രത്യേക സാഹചര്യത്തിൽ, പരാമർശിത സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഭിന്നശേഷിയുള്ളവർക്ക് 'സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ' നടപടിക്രമങ്ങൾ പാലിച്ച് നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിന് (പ്രോ. നം.S0017/25) പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. പ്രോജക്ട് നടപ്പാക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്, ചേർത്തല - 688531
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ
5. ജോയിന്റ് ഡയറക്ടർ(തദ്ദേശസ്വയംഭരണ വകുപ്പ്), ആലപ്പുഴ
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. ഡയറക്ടർ ജനറൽ, കില
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by
Viraj K
Date: 04-02-2025 11:26:52

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്